# അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന്റെ നടപടി ഉത്തരവ്

**ഹാജർ : ജി. ഹരികുമാർ ഐ.എഫ്.എസ്.**

വിഷയം : വനം വകുപ്പ് - ജീവനക്കാര്യം - സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക്, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന : (1) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) -ന്റെ 09.12.2011ലെ ഇ7-18936/10 നം. ഉത്തരവ്.

(2) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) -ന്റെ 19.02.2014 ലെ ഇ4-4341/10 നം. ഉത്തരവ്.

(3) സർക്കാരിന്റെ 31.03.2014 ലെ 520/എഫ്3/2014/വനം നം. കത്ത്.

## ഉത്തരവ് നമ്പർ ഇ4 - 4341/10 തീയതി, 26/04/2014

വനം വകുപ്പിലെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുമ്പോൾ കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടിക്ക് വിധേയരായിട്ടുള്ളവരെ പരിഗണിക്കേണ്ടതില്ലായെന്ന മാനദണ്ഡമാണ് സ്വീകരിച്ചിരുന്നത്. സൂചന(2) ലെ ഉത്തരവു പ്രകാരം സൂചന (1) പ്രകാരമുള്ള സെക്ഷൻ ഫോറസ്റ്റാഫീസർമാരുടെ താത്ക്കാലിക സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 240 വരെയുള്ളവർക്ക് ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. കഠിന ശിക്ഷക്കുള്ള അച്ചടക്ക നടപടി നേരിട്ടുവരുന്ന ശ്രീ.എൽ.സുധീഷ്കുമാർ(90), ശ്രീ.ആർ. സതീഷ് ചന്ദ്രൻ (99), ശ്രീ.കെ. രാജേന്ദ്രൻ (109), ശ്രീ.പി. സവിൻ സുന്ദർ (113), ശ്രീ. ബി.അജിത്ത് കുമാർ (142), ശ്രീ.എൻ.ശ്രീകുമാർ (186), ശ്രീ. പി.കെ. രാജേന്ദ്രൻ (222) എന്നിവരെ അച്ചടക്കനടപടി തീർപ്പാക്കാത്തതു കാരണം ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് പരിഗണിച്ചിരുന്നില്ല. അപ്രകാരം സ്ഥാനക്കയറ്റം ലഭിക്കാത്ത സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ സർക്കാരിൽ നൽകിയ പരാതികൾ പരിശോധിച്ച ശേഷം KS&SSR ചട്ടം 28(b)(ii) – ലെ വ്യവസ്ഥകൾക്ക് വിധേയമായി തന്നെ ചാർജ്ജ് മെമ്മോ നൽകി എന്ന കാരണത്താൽ നോൺ സെലക്ഷൻ തസ്തികയിലേക്കുള്ള പ്രമോഷൻ നിഷേധിക്കേണ്ട

തില്ലായെന്ന് സൂചന (3) ലെ കത്തു പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

നിലവിൽ വനം വകുപ്പിൽ ഒരു സസ്പെൻഷൻ ഒഴിവ് ഉൾപ്പെടെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ രണ്ട് ഒഴിവുകൾ നിലവിലുണ്ട്. സുചന (3) സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ, കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടിക്കു വിധേയരായതു കാരണം സ്ഥാനക്കയറ്റത്തിന് പരിഗണിക്കാതിരുന്ന സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച ഫോറസ്റ്റർമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 90 ശ്രീ. എൽ. സുധീഷ് കുമാർ, ക്രമനമ്പർ 99 ശ്രീ. ആർ സതീഷ്ചന്ദ്രൻ എന്നീ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ 14620 –25280 രൂപ ശമ്പള സ്കെയിലിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി ഉടൻ പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി ചുവടെ പറയും പ്രകാരം നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി ലിസ്ററിലെ ക്രമ നമ്പർ | പേര് | നിയമിക്കുന്ന സ്റ്റേഷൻ |
|---|---|---|---|
| 1. | 90 | എൽ.സുധീഷ് കുമാർ | ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ (മണ്ണാർക്കാട് ഡിവിഷൻ) |
| 2. | 99 | ആർ. സതീഷ് ചന്ദ്രൻ | പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷൻ (കോട്ടയം ഡിവിഷൻ) |

**അഡീഷണൽ പ്രൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)**

ശ്രീ. എൽ.സുധീഷ് കുമാർ, ആർ. സതീഷ് ചന്ദ്രൻ എന്നിവർക്ക് മേലധികാരികൾ മുഖേന.

പകർപ്പ്:-
1) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
2) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ.
3) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ/സതേൺ സർക്കിൾ/ഈസ്റ്റേൺ സർക്കിൾ)
4) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (കോട്ടയം/മണ്ണാർക്കാട്)